(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1658/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 05.08.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: പോത്തൻകോട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയ്ക്കും ഭാഗം 3-ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1658/17 തീയതി 05.08.2017

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 20.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 27എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23.06.2017മുതൽ 01.07.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സാബു. ജി ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. അനീഷ. എസ്.ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. സുജേഷ്. എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. ശാലിനി വി.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. അരുൺദേവ് വി.ആർ.ഓഡിറ്റർ (27.06.2017 മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ.വേണുഗോപാലൻ നായർ<br>(01.04.16 മുതൽ 31.03.17 വരെ) |

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീ. കെ. ബാബു (01.04.16 മുതൽ 31.03.17 വരെ )<br>(പ്രശാന്തി, മേനംകുളം, കഴക്കൂട്ടം, തിരുവനന്തപുരം) |

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഇസ്മയിൽ കുഞ്ഞ് | 01.04.16മുതൽ 31.03.17 വരെ | പറമ്പിൽപാലം, പള്ളിപ്പുറം പി.ഒ. തിരുവനന്തപുരം |
| വി.ഇ.ഒ | ശ്രീ.മുഹമ്മദ് ഷിജാർ | 01.04.16മുതൽ 31.08.16 വരെ | സജീർ മൻസിൽ, അണ്ടൂർക്കോണം, തിരുവനന്തപുരം |
| | ശ്രീ.സമീർ.ആർ.എസ് | 01.09.16മുതൽ 31.03.17 വരെ | സജിന മൻസിൽ, കല്ലറ, തിരുവനന്തപുരം |
| | ശ്രീ.അജീഷ് കുമാർ പി.ജെ | 01.04.16മുതൽ 31.03.17 വരെ | നന്ദനം, ശ്രീകാര്യം പി.ഒ, തിരുവനന്തപുരം |
| വെറ്റിനറി സർജൻ | ശ്രീമതി.അനില | 01.04.16മുതൽ 31.03.17 വരെ | പ്ലാവിള വീട്, കൈലാത്തുകോണം, കുറക്കട, തിരുവനന്തപുരം |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സന്തോഷ് കുമാർ. കെ .വി | 01.04.16മുതൽ 31.06.16 വരെ | ശ്രീവൽസം, തുറുവേലി, പനവൂർ പിഒ, നെടുമങ്ങാട് |
| | ശ്രീ.പത്മചന്ദ്രൻ നായർ | 01.07.16മുതൽ 31.03.17 വരെ | സൂര്യപ്രഭ ആഡിറ്റോറിയത്തിന് സമീപം, മണ്ണന്തല ഗവ.പ്രസ് ജംഗ്ഷൻ, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.എ.കെ.മിനി | 01.04.16മുതൽ 31.03.17 വരെ | വട്ടവിള, ചെമ്പഴന്തി പിഒ |
| അഗ്രി. ഓഫീസർ | ശ്രീ.സലാഹുദ്ദീൻ | 01.04.16മുതൽ 31.03.17 വരെ | മഹാരാജാ ഗാർഡൻ-83, കവടിയാർ പിഒ, |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീമതി.അഫിന.എം.താഹ | 01.04.16മുതൽ 31.03.17 വരെ | എം.ആർ.എ-51, മഠത്തുവിള ലെയിൻ, മെഡിക്കൽ കോളേജ് പിഒ, തിരുവനന്തപുരം |
| ഐ.സി.ഡി. എസ്.സൂപ്പർ വൈസർ | ശ്രീമതി.കുമാരി കല | 01.04.16മുതൽ 31.03.17 വരെ | മുരളീരവം, പണിമൂല, അണ്ടൂർക്കോണം |
| മെഡിൽ ഓഫീസർ ഹോമിയോ | ശ്രീമതി.ലക്ഷ്മി.വി.ആർ | 01.04.16മുതൽ 31.03.17 വരെ | ശാരദാഭവൻ, തൈക്കാട് പിഒ, തിരുവനന്തപുരം |
| ഹെഡ്നഴ്സ് | ശ്രീമതി.ഷമീന ബീഗം | 01.04.16മുതൽ 31.03.17 വരെ | - |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.രാജേഷ്.പി | 01.04.16മുതൽ 31.03.17 വരെ | ലീലാലയം , വി.എസ്.എസ്.സി റോഡ്, തിരുവനന്തപുരം |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-6 | |
| 7 | വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ | 1-7 | |
| 8 | പദ്ധതി അവലോകനം | 1-8 | |
| 9 | തനത് വരുമാനം | 1-9 | |
| 10 | ക്ഷേമപദ്ധതികൾ | 1-10 | |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 | |
| 12 | ആഭ്യന്തരനിയന്ത്രണം | 1-12 | |
| 13 | ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല | 1-13 | |
| 14 | മിനിട്സ് ബുക്ക് പരിപാലനത്തിൽ വീഴ്ച | 1-14 | |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-15 | |
| | ഭാഗം - 2 | | |
| 16 | വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2.1 | |
| 17 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2.2 | |
| 18 | രസീത് പരിശോധനയിലെ നിരീക്ഷണങ്ങൾ | 2.3 | |
| 19 | ഡി.ആന്റ് ഓ ലൈസൻസ് പുതുക്കി നൽകുന്നതിൽ വീഴ്ച | 2.4 | |
| | ഭാഗം - 3 | | |
| 20 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് ലഭ്യമാക്കിയില്ല | 3.1 | |

| | | | |
|---|---|---|---|
| | | | |
| 21 | വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ രേഖകൾ കൃത്യമായി ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3.2 | |
| 22 | കരാർ ചമയ്ക്കാതെ തുക കൈമാറി- തുക തടസ്സപ്പെടുത്തുന്നു. | 3.3 | |
| 23 | തുക മുൻകൂർ കൈമറിയെങ്കിലും മരുന്ന് ലഭ്യമായില്ല | 3.4 | |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു. | 3.5 | |
| 25 | പബ്ലിക് മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം- അനുബന്ധ രേഖകളില്ല- തുക തടസ്സം ചെയ്യുന്നു. | 3.6 | |
| 26 | പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3.7 | |
| 27 | മഴക്കാല പൂർവ്വശുചീകരണം-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 3.8 | |
| 28 | അഡ്വാൻസ് നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 3.9 | |
| 29 | തെരുവ് വിളക്ക് മെയിന്റനൻസ്- അപാകങ്ങൾ | 3.10 | |
| 30 | കുടിവെള്ളക്കിണർ നിർമ്മാണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യംനൽകി | 3.11 | |
| 31 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകങ്ങൾ | 3.12 | |
| 32 | പത്രപ്പരസ്യം - ഡിസ്കൗണ്ട് നേടിയെടുത്തിട്ടില്ല | 3.13 | |

| | | | |
|---|---|---|---|
| 33 | സേവനനികുതി തുക കരാറുകാരന് നൽകി. തുക ഒടുക്കു വരുത്തിയില്ല സര സർക്കാർ ഫണ്ടിന് 46217രൂപ നഷ്ടം | 3.14 | |
| 34 | പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതി മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല. | 3.15 | |
| 35 | വൃദ്ധ സദനം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3.16 | |
| 36 | പെതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതു അപാകങ്ങൾ | 3.17 | |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3.18 | |
| 38 | അങ്കണവാടികൾ- അവലോകനം | 3.19 | |
| 38 | ഓഡിറ്റ് ഇംപാക്ട് | 3.20 | |
| | ഭാഗം - 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീയതി | 30.05.2016 |
| തീരുമാന നമ്പർ | I(1) |
| പ്രതീക്ഷിത വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 236935580 |
| ചെലവ് | 235867400 |
| നീക്കിയിരിപ്പ് | 1068180 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 30.06.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16973450 |
| വരവ് | 55920328 |
| ആകെ | 72893778 |
| ചെലവ് | 51356333 |
| നീക്കിയിരിപ്പ് | 21537445 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ്ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2441309 | 12717508 | 15158817 | 12717508 | 0 | |
| വികസനഫണ്ട് എസ്.സി.പി. | | 2446367 | 2446367 | 2446367 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | | 50424 | 50424 | 50424 | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 624530 | 624530 | 624530 | 0 | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 3601420 | 3601420 | 3601420 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1649840 | 1649840 | 1649840 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | | 1766200 | 1766200 | 1766200 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 15872 | 1206314 (39809892) | 41032078 | 41028964 | 3114 | |
| ബി ഫണ്ട് | | 723120 (49448600) | 50171720 | 50171720 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4007981 | 9269736 | 13277717 | 4331680 | 8946037 | |
| | 9760 | - | 9760 | - | 9760 | |
| മറ്റു വരവുകൾ | 10498528 | 21739419 | 32237947 | 20542762 | 12487084 | |
| ദുരിതാശ്വാസനിധി | 0 | 125450 | 125450 | 34000 | 91450 | |

## 1-6 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

1. സചിത്ര സോഫ്റ്റ്വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആകെ തുക 46,000/- ഉം ബി-7 ഷെഡ്യൂൾ പ്രകാരം 11,22,755/- ഉം ആണ്.
3. ബി-11 A ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 24,40,168/- ആണ്. എന്നാൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം ആയത് 27,19,350/- ആണ്.

4. വാർഷികധനകാര്യപത്രികയിൽ ആസ്തികളുടെ ഡിപ്രീസിയേഷനായി കണക്കാക്കിയിരിക്കുന്ന തുക പ്രസ്തുത ആസ്തികളുടെ ബുക്ക് വാല്യുവിൽ നിന്നും കുറവ് വന്നിട്ടില്ല.
5. AFS പ്രകാരമുള്ള വസ്തു നികുതിയിലെ കളക്ഷൻ തുക 33,52,846/- ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് 24,33,092/- ആണ്. എ.എഫ്.എസ് പ്രകാരമുള്ള വസ്തു നികുതിയിലെ ബാലൻസ് തുക 19,23,304/- ഉം സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് 1,19,44,684/- ഉം ആണ്.
6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പ്രകാരമുള്ള വരവ് എ.എഫ്.എസ് പ്രകാരം 150/- രൂപയും രജിസ്റ്റർ പ്രകാരം 200/- രൂപയും ആണ്.
7. അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.
8. ജനറൽ പർപ്പസ് ഗ്രാന്റ്, ബാങ്ക് ബുക്ക്, എ.എഫ്.എസ് എന്നിവ പ്രകാരം നീക്കിയിരിപ്പ് 89,46,037/- ആണ്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 92,79,180/- ആണ്. ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ വരുത്തി ആധികാരികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്
9. വാർഷികധനകാര്യപത്രികയിലെ income & expenditure സ്റ്റേറ്റ്മെന്റിൽ excess of expenditure over income ആണ് കാണിക്കുന്നത്.

## 1-7 വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 പ്രകാരം ഓരോതരം വൗച്ചറുകൾക്കും പ്രത്യകം ക്രമനം. നൽകേണ്ടതും വൗച്ചറുകളുടെ ക്രമനം. തുടർച്ചയായി ഓരോ വർഷവും ഓരോ ഫണ്ടുമായി ബന്ധപ്പെട്ട ഓരോ തരം വൗച്ചറുകൾക്കും ഓരോ ക്രമനം സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ എല്ലാ വൗച്ചറുകൾക്കും മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം നം. നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം വൗച്ചറുകൾ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 51639533 | 82 | 37440794 | 45 | 11 | 59% |

## 1-9 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5269811 | 6819408 | 1549597 |
| നികുതിയേതര വരവുകൾ | 2650164 | 4255584 | 1605420 |
| മറ്റുവരവുകൾ | 0 | 0 | 0 |
| ആകെ | 7919975 | 11074992 | 3155017 |

| | | | |
|---|---|---|---|

## 1-10 ക്ഷേമപദ്ധതികൾ

ൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 663120 | 756 |
| കർഷകതൊഴിലാളി പെൻഷൻ | 5507400 | 618 |
| വിധവാപെൻഷൻ | 14864400 | 1422 |
| വാർദ്ധക്യകാലപെൻഷൻ | 24607800 | 2412 |
| വികലാംഗപെൻഷൻ | 4081800 | 409 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 387200 | 38 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,556/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് രേഖകൾ, രജിസ്റ്ററുകൾ ഫയലുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല. തനതു ഫണ്ടിൽ നിന്ന് വിവിധ പദ്ധതികൾക്കായി തുകകൾ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വൗച്ചറുകൾ അക്കൗണ്ടിങ്ങ് റൂളുകൾക്ക് അനുസൃതമായല്ല പരിപാലിച്ചിട്ടുള്ളത്. സ്റ്റോക്ക്/വിതരണരജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല.

*സചിത്ര സോഫ്റ്റ് വെയർ മുഖേന.* ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുവേ തൃപ്തികരമാണ്.

ഭിന്ന ശേഷിക്കാരായ കുട്ടികളുടെ വികസനത്തിനായി പഞ്ചായത്ത് നടപ്പിലാക്കിയ കാരുണ്യ സ്പെഷ്യൽ സ്കൂൾ മാതൃകാപരമായ ഒരു ചുവടുവെയ്പ്പാണ്. എന്നാൽ, സ്ഥല പരിമിതി മൂലം അന്തേവാസികൾക്ക് മികച്ച അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ല. ഇതിനായി ഗവൺമെന്റിന്റെ സത്വര ശ്രദ്ധ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം , പൊതു ജനാരോഗ്യം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സ്രക്കാർ ഉത്തരവുകളും, മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 1-13 ലോഗ്ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല

1. സർക്കുലർ നം 41/2008/Fin dated 2.8.2008 പ്രകാരം ലോഗ് ബുക്കിൽ യാത്ര ആരംഭിച്ചതും അവസാനിപ്പിച്ചതുമായ സമയം രേഖപ്പെടുത്തുകയോ എല്ലാ രേഖപ്പെടുത്തലുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും ഉള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.
2. *ഓഫീസ് വാഹനം 21600487/28.10.16 പ്രകാരം 6430 രൂപ ചെലവഴിച്ച്, റിപ്പയർ ചെയ്തതായി കാണിച്ചിരിക്കുന്നു. എന്നാൽ ലോഗ്ബുക്കിൽ അതേ ദിവസം എം.എൽ.എ ക്വാട്ടേഴ്സ്, കാട്ടായിക്കോണം, അയിരൂപ്പാറ, മഞ്ഞമല എന്നിവിടങ്ങളിൽ പോയതായും കാണിച്ചിരിക്കുന്നു. എന്നാൽ ലോഗ്ബുക്കിൽ വാഹനം വർക്ക്ഷോപ്പിൽ ആയിരുന്നതോ, ഓടിയ സമയമോ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര പ്രവൃത്തിയായതിനാലാണ് ക്വട്ടേഷൻ കൂടാതെ വാഹനം അറ്റകുറ്റപ്പണി നടത്തിയതെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ലോഗ്ബുക്ക് കാലികമാക്കിയതായും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹനം പരിപാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.*

## 1-14 മിനിട്സ് ബുക്ക് പരിപാലനത്തിൽ വീഴ്ച

പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ വൈറ്റ്നർ ഉപയോഗിച്ചും ചുരണ്ടി മാറ്റിയും വ്യാപകമായ രീതിയിൽ തിരുത്തലുകൾ വരുത്തിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പേജ് നമ്പർ | തീരുമാനം നമ്പർ | റിമാർക്സ് |
|---|---|---|---|
| 23-01-16 | 77 | I(3) | എസ്.സി.വിഭാഗം വീട് മെയിന്റനൻസ് |
| 23-01-16 | 101 | VI(8) | - |
| 12-02-16 | 138 | 1 | - |
| 12-02-16 | 141 | I(5) | - |
| 12-02-16 | 188 | III(1) | |
| 31-03-16 | 197 | II(3) | - |
| 31-03-16 | 202 | III(7) | - |
| 18-05-16 | 223 | II(6) | - |
| 18-05-16 | 224 | III(1) | |

| | | | |
|---|---|---|---|
| 25-05-16 | 229 | II(2) | - |
| 15-06-16 | 270 | II(8) | - |
| 30-06-16 | 287 | I(1) | - |
| 30-06-16 | 296 | I(7) | ക്രമ നമ്പർ 20 |
| 30-06-16 | 299 | I(8) | - |
| 12-07-16 | 13-15 | I(1) | |
| 05-08-16 | 87 | I(3) | |
| 30-08-16 | 131 | I(3) | |
| 30-08-16 | 136 | IV(4) | |
| 30-08-16 | 137 | IV(6) | |
| 29-09-16 | 236 | III(7),(8) | |
| 21-12-16 | 41-241 | - | വിവിധ തീരുമാനങ്ങൾപ്രകാരം ഗുണഭോക്താക്കളെ അംഗീകരിച്ച് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയതിൽ വ്യാപകമായ രീതിയിൽ മാറ്റം വരുത്തലുകൾ നടത്തിയിട്ടുണ്ട്. |
| 21-12-16 | 242 | III(11) | |
| 25-01-17 | 03-04, | I(4) | - |
| 10-03-17 | 134,135 | III(2) | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27-06-2017) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പകർത്തി എഴുതിയപ്പോൾ സംഭവിച്ച ബോധപൂർവ്വമല്ലാത്ത തെറ്റുകളാണെന്ന് മറുപടി നൽകി. പഞ്ചായത്ത് കമ്മിറ്റി മിനിടസ് ബുക്ക് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട രേഖയാണ്. ഭാവിൽ മിനിട്സ് ബുക്ക് പരിപാലിക്കുമ്പോൾ ഇത്തരം അപാകങ്ങൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2017 | 28.02.2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.04.2015<br>08.05.2015 | 2010 – 11 മുതൽ 2014 – 15 വരെ | 14.07.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. പോത്തൻകോട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 63,091/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പ്രവർത്തിയുടെ പേര് | കോൺട്രാക്ടർ / കൺവീനർ | ഒടുക്കിയ തുക | ട്രഷറി / തീയതി |
|---|---|---|---|---|
| 1 | മണ്ഡപക്കുന്ന് റോഡ് പുനരുദ്ധാരണം | ജയകുമാർ.എ | 3210 | സബ് ട്രഷറി കഴക്കൂട്ടം /20.09.16 |
| 2 | കല്ലുവെട്ടി പാണൻവിളാകം റോഡ് മെറ്റലിംഗ് ടാറിംഗ് | ഷാജി.ജി | 3274 | സബ് ട്രഷറി കഴക്കൂട്ടം /26.06.16 |
| 3 | പണിമൂല ക്ഷേത്രം റോഡ് നവീകരണം | ഷീജ.എസ് | 88 | സബ് ട്രഷറി കഴക്കൂട്ടം /29.12.16 |
| 4 | കുന്നുംപുറം ആല്യംമൂട് റോഡ് നവീകരണം | ഷീജ.എസ് | 90 | സബ് ട്രഷറി കഴക്കൂട്ടം /29.12.16 |
| 5 | സുനിൽകുമാർ മെമ്മോറിയൽറോഡ് ഒന്നാം മെറ്റലിംഗ് | ശാന്തമ്മ | 5111 | സബ് ട്രഷറി കഴക്കൂട്ടം /20.02.17 |
| 6 | കുന്നുകാട് അംഗൻവാടി മെയിന്റനൻസ് | എൻ.നന്ദൻ | 2692 | സബ് ട്രഷറി കഴക്കൂട്ടം |

| | | | | |
|---|---|---|---|---|
| | | | | /20.02.17 |
| 7 | തോന്നയ്ക്കൽ പബ്ലിക്ക് ഹെൽത്ത് സെന്റർ മെയിന്റനൻസ് | ഷിജി.ജി | 2437 | സബ് ട്രഷറി കഴക്കൂട്ടം /23.02.17 |
| 8 | മണലകം എൽ.പി.എസ് ടോയിലറ്റ് മെയിന്റനൻസ് | അമ്പിളി.എസ് | 70 | സബ് ട്രഷറി കഴക്കൂട്ടം /15.03.17 |
| 9 | നേതാജിപുരം അംഗൻവാടി മെയിന്റനൻസും ടോയിലറ്റ് നിർമ്മാണവും | ജി.സുകുമാരൻ നായർ | 2648 | സബ് ട്രഷറി കഴക്കൂട്ടം /15.03.17 |
| 10 | വേങ്ങോട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ് മെയിന്റനൻസ് | പ്രവീൺ.ഡി | 4402 | സബ് ട്രഷറി കഴക്കൂട്ടം /15.03.17 |
| 11 | മഞ്ഞമല സെന്റ് ജോസഫ് ചർച്ച് ആനയ്ക്കോട് റോഡ് റീ ടാറിംഗ് | മോഹനകുമാരൻ നായർ.എ | 6245 | സബ് ട്രഷറി കഴക്കൂട്ടം /15.03.17 |
| 12 | അയണിയർത്തല കുനയിൻക്കട റോഡ് പുനരുദ്ധാരണം | ജി.കെ.ജയകുമാർ | 4946 | സബ് ട്രഷറി കഴക്കൂട്ടം /27.03.17 |
| 13 | ആനയ്ക്കോട് അംഗൻവാടി അറ്റകുറ്റപ്പണികൾ | എൻ.നന്ദൻ | 2261 | സബ് ട്രഷറി കഴക്കൂട്ടം /24.03.17 |
| 14 | കല്ലൂർ യു.പി.എസ് വൈദ്യുതീകരിക്കൽ | ഷമീനബീഗം. എച്ച് | 1000 | സബ് ട്രഷറി കഴക്കൂട്ടം /30.03.17 |
| 15 | പഞ്ചായത്ത് ഓഫീസ് അനുബന്ധകെട്ടിട നിർമ്മാണം(നാലാംഘട്ടം) | പ്രവീൺ.ടി.ടി | 3919 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 16 | തച്ചപ്പള്ളി സ്കൂൾ അടുക്കളനിർമ്മാണം | എൻ.നന്ദൻ | 1688 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 17 | പഞ്ചായത്ത് ഓഫീസ് അനുബന്ധകെട്ടിട | ബി.കൃഷ്ണൻകുട്ടി | 2032 | സബ് ട്രഷറി |

| | | | | |
|---|---|---|---|---|
| | നിർമ്മാണം(തുടർച്ച) | നായർ | | കഴക്കൂട്ടം /30.12.16 |
| 18 | തെറ്റിച്ചിറ പൊതുകിണർ പുനരുദ്ധാരണം | ജോണി.എ | 91 | സബ് ട്രഷറി കഴക്കൂട്ടം /15.03.17 |
| 19 | കല്ലൂർ ഗവ.യു.പി.എസ് ജലസംഭരണി മെയിന്റനൻസ് | ഷമീനബീഗം. എച്ച് | 93 | സബ് ട്രഷറി കഴക്കൂട്ടം /30.12.16 |
| 20 | പേരുത്തല സാംസ്കാരിക നിലയം മെയിന്റനൻസ് | മഹേശ്വരൻ.ആർ | 519 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 21 | ആയുർവേദ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം | ജി.ശശീന്ദ്രൻ നായർ | 1012 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 22 | ബസ്സ്റ്റാന്റ് ശൗചാലയം പൂർത്തീകരണം -ബാക്കിഭാഗം | സംഗീത.വി. എസ് | 1625 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 23 | വേങ്ങോട് പബ്ലിക്ക് മാർക്കറ്റിൽ പൊതുശുചിത്വ സമുച്ചയം | ബിന്ദുകുമാരി.ജെ | 1812 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 24 | മണലകം എൽ.പി.എസ് ചുറ്റുമതിൽ നിർമ്മാണവും കെട്ടിട അറ്റകുറ്റപ്പണികളും | ഷിബു.എ | 2936 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 25 | കട്ടിയാട് തർക്കംമുക്ക് പോളച്ചിറ റോഡ് പുനരുദ്ധാരണം | ജി.അജയകുമാർ | 4941 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 26 | കണിയാറുകോണം റോഡ് ടാറിംഗ് | കെ.മോഹനൻ നായർ | 2098 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |
| 27 | തച്ചപ്പള്ളി പറങ്കിമാംവിള അംഗൻവാടി | കെ.മോഹനൻ നായർ | 1851 | സബ് ട്രഷറി കഴക്കൂട്ടം /31.03.17 |

| | | |
|---|---|---|
| ആകെ | 63091 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 631/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-2 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ1,50,295/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 35 | മംഗലത്തുനട പഴിച്ചാംകോട് എസ്.എൽ പുരം റോഡ് പുനരുദ്ധാരണം | 1575 | 4 | 6300 |
| 2 | 36 | കല്ലുവെട്ടി പുല്ലുവിളാകം മടവൂർ കടവർത്തല റോഡ് റീടാറിംഗും ബാക്കിഭാഗം ടാറിംഗ് | 1575 | 2 | 3150 |
| 3 | 38 | കാവുവിള കണിച്ചാംകോട് റോഡ് മെറ്റലിംഗ് ടാറിംഗ് | 1575 | 2 | 3150 |
| 4 | 39 | മഞ്ഞമല സെന്റ് ജോസഫ് ചർച്ച് ആനക്കോട് റോഡ് റീടാറിംഗ് | 1575 | 2 | 3150 |

| | | | | | |
|---|---|---|---|---|---|
| 5 | 40 | തച്ചപ്പള്ളി പറങ്കിമാംവിള അംഗൻവാടി റോഡ് ടാറിംഗ് | 1575 | 2 | 3150 |
| 6 | 43 | അയിരൂപ്പാറ ജംഗ്ഷൻ കഴുത്തുംമൂട് തിപ്പലിക്കോണം മൂലയിൽവിളാകം റോഡ് മെറ്റലിംഗ് ടാറിംഗ് | 1575 | 4 | 6300 |
| 7 | 44 | കോവിൽ വിളാകം പൈപ്പ് കമ്പനി പള്ളിക്കൽ ക്വാറിറോഡ് ടാറിംഗ് | 1575 | 2 | 3150 |
| 8 | 45 | വിളവിളാകം റോഡ് ടാറിംഗ് | 1050 | 2 | 2100 |
| 9 | 53 | മറ്റത്തുകോണം ചുണ്ടവിള റോഡ് ടാറിംഗ് | 1575 | 2 | 3150 |
| 10 | 68 | തച്ചമ്പള്ളി സ്കൂൾ അടുക്കള നിർമ്മാണം | 1300 | 1 | 1300 |
| 11 | 69 | മണലകം എൽ.പി.എസ് ചുറ്റുമതിൽ നിർമ്മാണവും കെട്ടിട അറ്റകുറ്റപ്പണികളും | 1050 | 2 | 2100 |
| 12 | 47 | ഒരുവാമൂല ക്ലുനയിൽ പട്ടാരിയിൽ റോഡ് ടാറിംഗ് | 1575 | 3 | 4725 |
| 13 | 34 | കല്ലൂർ കുറുമംറോഡ് രണ്ടാം മെറ്റലിംഗ് ടാറിംഗ് | 1575 | 3 | 4725 |
| 14 | 50 | കുന്നത്തുവിള ഭഗവതി ക്ഷേത്രം റോഡ് ടാറിംഗ് | 3045 | 4 | 12180 |
| 15 | 142 | പോത്തൻകോട് പഞ്ചായത്താഫീസ് നാലാംതലം നിർമ്മാണം | 4515 | 1 | 4515 |

| | | | | | |
|---|---|---|---|---|---|
| 16 | 142 | പോത്തൻകോട് പഞ്ചായത്താഫീസ് നാലാംതലം നിർമ്മാണം-റീടെണ്ടർ | 4515 | 3 | 13545 |
| 17 | SSA | പോത്തൻകോട് യു.പി.എസ് ക്ലാസ്സ്മുറികൾ നിർമ്മാണം | 6720 | 8 | 53760 |
| 18 | - | ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 2520 | 3 | 7560 |
| 19 | 41 | മണ്ണറ-കൊടിപ്പറമ്പിൽ-ഇലവൻകോട് റോഡ് പുനരുദ്ധാരണം | 1575 | 4 | 6300 |
| 20 | 146 | സുനിൽകുമാർ മെമ്മോറിയൽ രണ്ടാം തലം മെറ്റലിംഗ് & ടാറിംഗ് | 1575 | 3 | 4725 |
| 21 | 149 | പോത്തൻകോട് മാർക്കറ്റ് മാലിന്യപ്ലാന്റ് ചുറ്റുമതിൽ നിർമ്മാണം | 1260 | 1 | 1260 |
| ആകെ | | | | | 150295 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 രസീത് പരിശോധനയിലെ നിരീക്ഷണങ്ങൾ

1. രസീത് ബുക്ക് നം 9762 വിതരണം നടത്താതെ ബുക്ക് നം 9763 വിതരണം ചെയ്തിരിക്കുന്നു.
2. രസീത് ബുക്ക് നം 9758 പൂർണമായും ഉപയോഗിക്കാതെ ബുക്ക് നം 9763ഉപയോഗത്തിൽ എടുത്തിരിക്കുന്നു.
3. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.
4. ക്യാൻസൽ റെസീപ്റ്റ് റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. ഉപയോഗിച്ച് കഴിഞ്ഞ രസീത്ബുക്കിലെ ശേഷിക്കുന്ന പേജുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

## 2-4 ഡി.ആന്റ് ഓ ലൈസൻസ് പുതുക്കി നൽകുന്നതിൽ വീഴ്ച

2015-16 വർഷത്തെ ഡി ആന്റ് ഓ രജിസ്റ്ററിലുൾപ്പെട്ട ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടു കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്. 1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടങ്ങൾ) ചട്ടം 3 പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക ഒഴിവാക്കേണ്ടി വരുന്ന പക്ഷം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും അംഗീകാരം തേടേണ്ടതാണ്. 2015-16 വർഷം ലൈസൻസ് നൽകിയിട്ടുള്ള ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17 വർഷം

ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9) പിഴപ്പലിശ ഈടാക്കി ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സെക്രട്ടറി അറിയിച്ചു. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വ്യാപാരം നടത്തുന്നയാളിന്റെ പേര് | വ്യാപാരസ്ഥാപനം | വാർഡ് നമ്പർ |
|---|---|---|---|
| 1 | ശ്രീ.ശശിധരൻ ആശാരി | ഫർണിച്ചർ വർക്സ് | XV |
| 2 | ശ്രീ.ആർ.ഉണ്ണി | ബ്രാസ്,മെറ്റൽ വർക്സ് | VIII |
| 4 | ശ്രീ.ബാലസുബ്രഹ്മണ്യം | ബേക്കറി | IX |
| 5 | ശ്രീ.എസ്.പ്രഭാകരൻ | സ്റ്റേഷനറി | VII |
| 6 | ശ്രീ.കെ.തുളസീധരൻ | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | IX |
| 7 | ശ്രീ.എ.താസിം | ഈത്തപ്പഴം, പുളി എന്നിവയുടെ വിൽപ്പന | XVI |
| 8 | ശ്രീ.എസ്.ശിവകുമാർ | ഫർണിച്ചർ വിൽപ്പന | VIII |
| 9 | ശ്രീ.സുരേഷ് കുമാർ.വി | മൈക്ക് സെറ്റ് | XI |
| 10 | ശ്രീ.ആർ.കെ വിനോദ് | ധാന്യങ്ങൾ പൊടിച്ച് വിതരണം ചെയ്യൽ | XIII |
| 11 | ശ്രീമതി.ഷംലാബീവി.എം | തുണിക്കട, ഫാൻസി | IV |
| 12 | ശ്രീ.അബ്ദുൾ ഖാദർ | ഇലക്ട്രിക്കൽ,പൈപ്പ് വിൽപ്പന | V |
| 13 | ശ്രീമതി.വി.പാർവ്വതി | വിജയവിഹാർ | XI |

| | | | |
|---|---|---|---|
| 14 | ശ്രീമതി.വി.മഞ്ചു | പലവ്യഞ്ജനകട, ബേക്കറി | VIII |
| 15 | ശ്രീ.കെ.എസ്.അനിൽകുമാർ | വസ്ത്രവ്യാപാരം | X |
| 16 | ശ്രീ.കെ.സതീശൻ | പ്ലമ്പിംഗ് മെറ്റീരിയൽ | V |
| 17 | ശ്രീ.എസ്.അനിൽകുമാർ | റബ്ബർ വ്യാപാരം | III |
| 18 | ശ്രീ.പി.ജയകുമാർ | ബാർബർഷോപ്പ് | XVIII |
| 19 | ശ്രീ.കെ.ആർ.വിജു | ആകാശ് പെർഫ്യൂമെറി | VII |
| 20 | ശ്രീ.അബ്ദുൾ റഹിം | ഹെയർ ഡ്രെസ്സിംഗ് | XVIII |
| 21 | ശ്രീ.അനിൽകുമാർ | അനിൽ ഏജൻസീസ് | X |
| 22 | ശ്രീ.ഹാഷിർ | പ്രൊവിഷൻ സ്റ്റോർ | VI |
| 23 | ശ്രീ.ആർ.മനോജ് | വോൾഗിയർ ഇലക്ട്രിക്കൽസ് | X |
| 24 | വസന്താലയം കൺസ്ട്രക്ഷൻ | ബിൽഡിംഗ് മെറ്റീരിയൽസ് | I |
| 25 | ശ്രീ.കെ.ആർ.വിജു | ബേബി ഗാർമെന്റ്സ് | VII |
| 26 | ശ്രീമതി.എ.സുജാത | സ്റ്റേഷനറി | I |
| 27 | ശ്രീ.ജി.സുരേന്ദ്രൻ നായർ | റെഡിമെയ്ഡ് ആന്റ് സ്റ്റിച്ചിംഗ് | VII |
| 28 | ശ്രീമതി.പി.ഉഷ | അച്ചൂസ് ടെക്സ്റ്റൈൽസ് | IV |
| 29 | ശ്രീ.ആർ.സുരേന്ദ്രൻ | ഫർണിച്ചർ | I |

| | | | |
|---|---|---|---|
| 30 | ശ്രീ.അനുരാഗ്.ടി.വി | പത്മ സ്റ്റീൽ ഇൻഡസ്ട്രീസ് | VII |

പ്രസ്തുത വിഷയത്തിന്മേലുള്ള തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. പേര് : SO 013/17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ തുക : 150000/-

ചെലവ് തുക : 150000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽ നം തീയതി : 2/2016-17,27.02.17

കേരള സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്നും 1,50,000/- രൂപയുടെ മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ടിൽ ബിൽ നം.2/16-17/ 27.02.17 പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഹോംകോയ്ക്ക് നൽകിയതിന്റെ രേഖയും കൈപ്പറ്റു രസീതും ഇല്ല. പ്രസ്തുത തുകയ്ക്കുള്ള ഇൻഡന്റ് 03.03.17 ൽ 20/2017/GHDP ലെറ്റർ പ്രകാരം അയച്ചുനൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ജി.ഒ(പി) 177/2006/fin. Dated 12.4.2016 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻ കൂറായി തുക പിൻവലിക്കാൻ പാടില്ല. ആയതിനാൽ ഹോം കോയ്ക്ക് മരുന്ന ലഭ്യമാകുന്നതിനു മുൻപേ, മുൻകൂറായി നൽകിയ തുക1,50,000/- രൂപ തടസ്സത്തിൽവയ്ക്കുന്നു.

## 3-2 വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ കൃത്യമായി ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നിർവ്വഹണോദ്യോസ്ഥയായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (20/16-17) | 2,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 2,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| 2 | കന്നുകുട്ടി പരിപാലനം (21/16-17) | 4,00,000 (വികസന ഫണ്ട്)<br>4,00,000 (സംസ്ഥാനാവിഷ്കൃതം)<br>8,00,000 (ഗുണഭോക്തൃ വിഹിതം) | 4,00,000 (വികസന ഫണ്ട്)<br>4,00,000 (സംസ്ഥാനാവിഷ്കൃതം)<br>8,00,000 (ഗുണഭോക്തൃ വിഹിതം) |

| | | | |
|---|---|---|---|
| 3 | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം(22/16-17) | 1,00,000 (തനത് ഫണ്ട്) | 1,00,000<br>(തനത് ഫണ്ട്) |
| 4 | കിടാരി വളർത്തൽ എസ്.സി<br>(105/16-17) | 2,70,000 (വികസന ഫണ്ട്)<br>1,62,000 (ഗുണ.വിഹിതം) | 82,500 (വിക.ഫണ്ട്)<br>49,500(ഗുണ.വിഹിതം) |
| 5 | മുട്ടക്കോഴി വളർത്തൽ എസ്.സി<br>(106/16-17) | 35,238 (വികസന ഫണ്ട്)<br>11,716(ഗുണ.വിഹിതം) | 22,500 (വിക.ഫണ്ട്)<br>7,500 (ഗുണ.വിഹിതം) |
| 6 | മുട്ടക്കോഴി വളർത്തൽ (ജനറൽ-വനിത)137/16-17 | 21,4325(വികസന ഫണ്ട്)<br>81,320(ഗുണ.വിഹിതം) | 21,4325(വികസന ഫണ്ട്)<br>81,320(ഗുണ.വിഹിതം) |
| ആകെ | | 2674599 | 2357645 |

പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഓഡിറ്റ് 23-06-17 ന് ആരംഭിച്ചുവെങ്കിലും വെറ്റിനറി സർജൻ യഥാസമയം ഫയലുകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് റിക്വസിഷൻ (02/29-06-2017) നൽകി. ഇതിനെ തുടർന്ന് 30-06-2017-ന് നിർവ്വഹണോദ്യോഗസ്ഥൻ ഫയലുകൾ ഭാഗികമായി മാത്രം ഹാജരാക്കി. ഇക്കാരണത്താൽ ചെലവ് രേഖകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. ആയതിനാൽ വെറ്റിനറി സർജൻ തൻവർഷം പ്രോജക്ട് നിർവ്വഹണത്തിനായി ചെലവഴിച്ച മുഴുവൻ തുകയും(23,57,645/- രൂപ) താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-3 കരാർ ചമയ്ക്കാതെ തുക കൈമാറി- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ- ഷീപ്പാഡ് വെൻഡിംഗ് മെഷീൻ (136/16-17)

അടങ്കൽ - 150000

ചെലവ് - 75000

ബിൽ നം, തീയതി - 2/30-03-17

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 3 സ്കൂളുകളിൽ ഷീപ്പാഡ് വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായാണ് ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയത്. ഇതിലേക്കായി കേരള വനിതാ വികസന കോർപ്പറേഷന് അഡ്വാൻസ് ആയി 75,000/-രൂപ നൽകി. എന്നാൽ സ്ഥാപനവുമായി മെഷീനിന്റെ സ്ഥാപിക്കൽ, നടത്തിപ്പ് എന്നിവ വിശദീകരിച്ചുകൊണ്ടുള്ള കരാറിൽ നിർവ്വഹണോദ്യോഗസ്ഥ ഏർപ്പെട്ടിട്ടില്ല. വനിതാ വികസന കോർപ്പറേഷൻ നാളിതുവരെ (30-06-2017) ഷീപ്പാഡ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുമില്ല. ഇത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഇക്കാരണത്താൽ അഡ്വാൻസ് ആയി നൽകിയ 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 തുക മുൻകൂറായി കൈമാറിയെങ്കിലും മരുന്ന് ലഭ്യമായില്ല

എ) പ്രോജക്ട് നം. S006/17

പേര്- ആശ്വാസ് പെയിൻ ആൻറ് പാലിയേറ്റീവ്

ബിൽ നം. palliative care 10/16/17.10.16-103450/-

palliative care 2/17/ .2.17- 87624/-

palliative care 3/17/29.3.17-193857/-

palliative care3/17/21.3.17-49237/-

palliative care 12/16/20.12.16-400000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

70 കിടപ്പുരോഗികൾക്കും 192നിത്യരോഗികൾക്കും ആവശ്യമായ മരുന്നും ഉപകരണങ്ങളും സാന്ത്വനപരിചരണവും, കിടപ്പുരോഗികൾക്ക് ഗൃഹസന്ദർശനവും സാന്ത്വനപരിചരണവും ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ 5,73,896/- രൂപ In drug house ന് മരുന്ന ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2,20,477/-രൂപയുടെ മരുന്ന മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ. ജി.ഒ(പി) 177/2006 fin. Dated 12.4.20016 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻ കൂറായി തുക പിൻവലിക്കാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 3,53,419/- രൂപയുടെ മരുന്ന ലഭ്യമാകാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ഫി) പ്രോജക്ട് നം.S0010/17

പേര്- പി.എച്ച്.സി.യ്ക്ക് അത്യാവശ്യമരുന്നുകളും ഉപകരണങ്ങളും

ബിൽ നം.- purchase of medicine 12/16/20.12.16-300000/-

purchase of medicine 3/17/29.3.17-64897/-

3,39,897/- രൂപയ്ക്ക് മരുന്നും 25,000/- രൂപയ്ക്ക് ഉപകരണങ്ങളും വാങ്ങാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ മുഴുവൻ തുകയും മരുന്ന് വാങ്ങുന്നതിനായാണ് വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 272977.50/- രൂപയുടെ മരുന്ന് മാത്രമേ In drug house ൽ നിന്ന് ലഭ്യമായതായി കാണുന്നുള്ളൂ ജി.ഒ(പി) 177/2006 fin. Dated 12.4.2016 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻ കൂറായി തുക പിൻവലിക്കാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ In Drug Houseന് മരുന്ന ലഭ്യമാകുന്നതിനു മുൻപേ മുൻകൂറായി നൽകിയ തുക 3,64,897/-രൂപയിൽ മരുന്ന് ലഭ്യമായ 272977.50/-രൂപ കഴിച്ച് 91,920/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 നിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു

പ്രോജക്ടിന്റെ പേര് - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ

പ്രോജക്ട് നം - SO140/17

Bill No. - Palliateve care/share for district panchayat 3/17/29.3.17-100000/-

സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവീസ് സൊസൈറ്റി എന്ന പേരിലുള്ള സംയുക്ത പ്രോജക്ട് നടപ്പിലാക്കാൻ ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/- രൂപ തടസ്സത്തിൽവയ്ക്കുന്നു.

## 3-6 പബ്ളിക് മാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം- അനുബന്ധ രേഖകളില്ല തുക തടസ്സം ചെയ്യുന്നു

എ). പ്രോജക്ടിന്റെ പേര് - പോത്തൻകോട് പബ്ളിക് മാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം

പ്രോജക്ട് നം - SO 157/17

ബിൽ നം. - Erection of tube well at PTCD market/7.3.17-153900/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രസ്തുത പ്രോജക്ടിനായി 18.1.17ൽ 1,53,900/-രൂപയുടെ എസ്റ്റിമേറ്റ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. മേൽ ബില്ല് പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 22ന് ലഭ്യമാക്കിയ മറുപടിയിൽ പ്ളംബിഗ് ജോലികൾ സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് 2017-18ൽ പദ്ധതി വച്ചിട്ടുണ്ടെന്നു ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് കത്തു നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ ഇതിനായി വിനിയോഗിച്ച 1,53,900/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വിവിധ പ്രവൃത്തികളായി കെ.എസ്.ഇ.ബി.യ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം.ചെക്ക് നം | തുക | റിമാർക്സ് |
|---|---|---|---|
| 1. | 9267/28.6.16 | 5503 | - |
| 2 | 9300/22.7.16 | 3544 | കൊയ്ത്തൂർക്കോണം-നിലവിളാകം വാർഡ് |
| 3 | 21600566/28.11.16 | 3895 | വേങ്ങോട് വാർഡ് |
| 4 | 21600733/4.1.17 | 5893 | മഞ്ഞമല വാർഡ് |
| 5 | 21600857/16.2.17 | 5057 | പണിമൂലവാർഡ് |
| ആകെ | | 23892 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം16 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം മേൽ പരാമർശിച്ചവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 23,892/- രൂപ തടസ്സം ചെയ്യുന്നു.

## 3-8 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

മഴക്കാല പൂർവ്വശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് 1,80,000/-രൂപ ചെക്ക് നം. 1653638/24.6.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 3,4,8 എന്നീ വാർഡുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ചില വാർഡുകളിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | നൽകിയതുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 10000 | 2200 |
| 2 | 10000 | 1000 |
| 5 | 10000 | 2000 |

| | | |
|---|---|---|
| | | |
| 6 | 10000 | 2000 |
| 11 | 10000 | 200 |
| 14 | 10000 | 10000 |

ചെലവ് രേഖകൾ ലഭ്യമാക്കാത്ത 3,4,8എന്നീ വാർഡുകൾക്കായി നൽകിയ ആകെ തുക 30,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മഴക്കാല പൂർവ്വശുചീകരണത്തിന് വളരെയേറെ പ്രസക്തിയുള്ള ഈ കാലഘട്ടത്തിൽ, ഈയിനത്തിൽ അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 17,400/- രൂപ തനതു ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-9 അഡ്വാൻസ് തുക നൽകിയത് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 154/17 | പോത്തൻകോട് പബ്ലിക് മാർക്കറ്റിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കൽ | 10,50,000 | 2,10,000 ബിൽ നം.09/16-17 dated 31-03-17 | ഐ.ആർ.റ്റി.സി പ്രോജക്ട് ഇമ്പ്ലിമെന്റേഷൻ യൂണിറ്റ് |
| 151/17 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം അഞ്ചാം ഘട്ടം | 14,57,464 (ലോകബാങ്ക് ധനസഹായം) | 11,59,000 ബിൽ നം.07/16-17 dated 31-03-17 | കേരള പൊതുമരാമത്ത് വകുപ്പ് |
| ആകെ | | | 13,69,000 | |

മേൽ പ്രോജക്ടുകൾക്കായി തുകകൾ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് തുകകൾ കൈമാറിയെങ്കിലും പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനാൽ പദ്ധതിയ്ക്കു വേണ്ടി നൽകിയ അഡ്വാൻസ് തുക തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-10 തെരുവു വിളക്ക് മെയിന്റനൻസ്- അപാകതകൾ

പ്രോജക്ട് നമ്പർ - SOO89/17

പ്രോജക്ടിന്റെ പേര് - 2016-17 വർഷത്തേക്ക് തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള കോൺട്രാക്ട് ചെലവ്

അടങ്കൽ - 2,00,000/- (തനത് ഫണ്ട്)

ചെലവ് - 2,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് പരിശോധിച്ചതിൽ പ്രോജക്ട് രേഖയിൽ ഭൗതിക ലക്ഷ്യം സംബന്ധിച്ചുള്ള വിവരങ്ങൾ, പ്രോജക്ടിന്റെ നടത്തിപ്പ്-സംരക്ഷണം എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. പ്രസ്തുത പദ്ധതിയിൽ കരാറുകാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പ്രസ്തുത കരാറുകാർ കെ.എസ്.ഇ.ബിയുടെ രജിസ്റ്റേർഡ് കോൺട്രാക്ടർമാർ ആണോയെന്നതും ഫയലിൽ സ്പഷ്ടമല്ല. പ്രോജക്ടിന്റെ നടത്തിപ്പ്, നിർവ്വഹണരീതി എന്നിവ വിശദീകരിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാർ ചമച്ചിട്ടില്ല. രേഖപ്പെടുത്തലുകളൊന്നും വരുത്താത്ത മുദ്രപത്രങ്ങൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരെ പത്രപ്പരസ്യം നൽകിയാണ് തെരഞ്ഞെടുത്തതെന്നും ടി വ്യക്തികൾ കെ.എസ്.ഇ.ബിയിൽ ഇലക്ട്രിക്കൽ പണി നടത്തുന്ന ഇലക്ട്രീഷ്യൻമാരാണ് എന്നും കെ.എസ്.ഇ.ബിയിൽ നിന്നുള്ള authorisation ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ തയ്യാറാക്കുമ്പോൾ നിർവ്വഹണരീതി, നടത്തിപ്പ് എന്നിവ സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും കെ.എസ്.ഇ.ബിയുടെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരാണ് കരാറുകാരെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-11 കുടിവെള്ളക്കിണർ നിർമ്മാണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യംനൽകി

പ്രോജക്ട് നമ്പർ- എസ്.ഓ 131/17 (കുടിവെള്ള കിണർ നിർമ്മാണം എസ്.സി)

അടങ്കൽ - 132000 (വി.ഫ.)

ബിൽ നമ്പർ - കുടിവള്ള കിണർ എസ്.സി. 30-03-17 (17,000)

- കുടിവള്ള കിണർ എസ്.സി 131/16-17 18-10-16 (22,000)

- എസ്.ഓ 131/കുടിവെള്ള കിണർ 15-12-2016 (17,000)

- എസ്.ഓ 131/17 കുടിവെള്ള കിണർ എസ്.സി 16-02-17 (34,000)
- നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

എ)പദ്ധതി മാർഗ്ഗരേഖ ജി.ഓ(എം.എസ്)362/2013/LSGD dated 16-11-2013 പുതുക്കിയ മാർഗ്ഗരേഖകൾ എന്നിവപ്രകാരം പുതിയ തുറന്ന കിണർ നിർമ്മിക്കുന്നതിന് പട്ടികജാതി വിഭാഗത്തിന് അനുവദനീയമായ തുക (ഇടനാടിൽ) വാല്യുവേഷന്റെ 90% മാത്രമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ശ്രീമതി.ശോഭന, പെരുന്തല പുത്തൻവീട്, പോത്തൻകോട് എന്ന ഗുണഭോക്താവ് ഓവർസീയറുടെ വാല്യുവേഷൻ പ്രകാരം 17500 രൂപയുടെ പ്രവർത്തി മാത്രമേ നടത്തിയിട്ടുള്ളൂ. ഇതുപ്രകാരം 15,750/- (90% of 17500) രൂപയുടെ സബ്സിഡിയ്ക്ക് മാത്രമേ പ്രസ്തുത ഗുണഭോക്താവിന് അർഹതയുള്ളൂ.

ബി) ശ്രീ.ചിത്രൻ, ഏരുപറക്കോട് വീട്, മേലേവിള, കാട്ടായിക്കോണം എന്ന ഗുണഭോക്താവിന് 22,000 രൂപ അനുവദിച്ചതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇടനാടിന് അനുവദിക്കാവുന്ന പരമാവധി തുക 17,500 രൂപ മാത്രമാണ്. അതുപ്രകാരം മേൽ ഗുണഭോക്താവിന് 4,500/- രൂപ കൂടുതലായി അനുവദിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി രണ്ടു ഗുണഭോക്താക്കൾക്കുമായി അധികമായി നൽകിയ 6250/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തൃപ്തികരമായ വിശദീകരണ നൽകേണ്ടതാണ്.

## 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകങ്ങൾ

1) പ്രോജക്ട് നം - SO141/17

പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ - 376676/- (വികസന ഫണ്ട്)

ചെലവ് - 376676/-

ബിൽ നം. തീയതി - 8/ICDS/16-17, 23.03.17

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2) പ്രോജക്ട് നം - SO 018/17

പേര് - അംഗനവാടി പോഷകാഹാര പരിപാടി

അടങ്കൽ - 1500000/- (വികസന ഫണ്ട്-1000000/-)

(കേന്ദ്രാവിഷ്കൃതം- 500000/-)

ചെലവ് - 1500000/-

ബിൽ നം , തുക,തീയതി - 01/ICDS/16-17,755036/-,23.12.16

- 04/ICDS/16-17,244964/-,23.03.17

അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവരുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്കു പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്നും പൊതു സമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം .ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാര/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടും പഞ്ചായത്തിന് സമ്മർപ്പിക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പദ്ധതിക്ക് ഇവയൊന്നും നടത്തിയിട്ടില്ല.

3)12.04.2006ലെ സർക്കാർ ഉത്തരവ് (പി)/177/2006ധന. പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി.ആർ-7എ ക്യാഷ്ബുക്കിൽ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന വരവുചെലവു വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ എൻക്വയറി നം 18 ന് ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാമെന്നും മറ്റ് അപാകങ്ങൾ വരും വർഷങ്ങളിൽ ഒഴിവാക്കുന്നതാണെന്നും മറുപടി ലഭിച്ചു.

## 3-13 പത്രപ്പരസ്യം - ഡിസ്കൗണ്ട് നേടിയെടുത്തിട്ടില്ല

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം($cm^2$), നിരക്ക്/$cm^2$ | ബിൽ നം / തീയതി | നൽകിയ തുക | ചെക്ക് /ഡി.ഡി നം തീയതി |
|---|---|---|---|---|
| മാതൃഭൂമി | 48<br>350 | 60967191<br>10.12.2016 | 16800 | 11765<br>21.02.17 |
| | 32<br>350 | 60966565<br>09.12.2016 | 11200 | |
| മാതൃഭൂമി | 32<br>350 | 60989750<br>25.01.2017 | 11200 | 13904<br>28.03.17 |

| | | | | |
|---|---|---|---|---|
| | 32<br>350 | 60989186<br>24.01.2017 | 11200 | |
| ആകെ | | | 50400 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 7560/- രൂപ (50400x15%) പരസ്യച്ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-14 സേവനനികുതി തുക കരാറുകാരന് നൽകി. തുക ഒടുക്കു വരുത്തിയില്ല- സർക്കാർ ഫണ്ടിന് 46217 രൂപ നഷ്ടം

പ്രോജക്ട് നമ്പർ - 62/17

പ്രോജക്ടിന്റെ പേര് - വേങ്ങോട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്

അടങ്കൽ - 496000( ത.ഫ)

ചെലവ് - 486382( ത.ഫ)

ബിൽ നം. - 16/16-17 dated 06-03-17 (440165)

- 24/16-17 dated 23-03-17 (46217)

കരാറുകാരൻ - ശ്രീ.ഡി.പ്രവീൺ

സേവന നികുതിയായ 46217 (ie.10.5% of 440165 പ്രവൃത്തി മൂല്യം) കരാറുകാരന് നൽകിയെങ്കിലും കരാറുകാരൻ നികുതി ഒടുക്കു വരുത്തിയില്ല. ഇക്കാരണത്താൽ സർക്കാരിന് 46,217/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-15 പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതി മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പ്രവൃത്തികളിൽ 1999-ൽ ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും പ്രകാരമുള്ള നടപടിക്രമങ്ങളായ ഗുണഭോക്തൃ സമിതി രൂപീകരണം, പ്രാരംഭ നടപടികൾ, മസ്റ്റർ റോൾ, ദൈനംദിന ഡയറി, പൂർത്തീകരണ റിപ്പോർട്ട്, വരവ് ചെലവ് കണക്കുകളുടെ അവതരണം എന്നിവ പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 64/17 | ബസ് സ്റ്റാന്റ് ശൗചാലയം പൂർത്തീകരണം | 250000<br>(തനത് ഫണ്ട്) | 162485 |
| 2 | 117/17 | വേങ്ങോട് പബ്ലിക്ക് മാർക്കറ്റിൽ പൊതു ശുചിത്വ സമുച്ചയം | 2,00,000<br>(തനത് ഫണ്ട്) | 1,92,075 |
| 3 | 124/17 | പോരുത്തല സാംസ്കാരിക നിലയം മെയിന്റനൻസ് | 1,00,000<br>(എസ്.സി.പി) | 55,021 |
| 4 | 127/17 | പഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിടം<br>രണ്ടാം ഘട്ട നിർമ്മാണ തുടർച്ച | 219285<br>(ലോകബാങ്ക് ധനസഹായം) | 215342 |

| | | | | |
|---|---|---|---|---|
| 5 | 63/17 | കല്ലൂർ സ്കൂൾ കെട്ടിടം വൈദ്യുതീകരിക്കൽ | 1,00,000<br>(മെയി.ഗ്രാ.നോൺ.റോഡ്) | 1,00,000 |

വരും വർഷങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വൃദ്ധ സദനം പ്രവർത്തനം ആരംഭിച്ചിട്ടില്ല

പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ മണലകം വാർഡിൽ പി.എച്ച്.സി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ വൃദ്ധ സദനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/28-06-17) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി വൃദ്ധ സദനം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 പെതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതു അപാകങ്ങൾ

സ.ഉ (എം.എസ്) നം.168/2012/തസ്വഭവ തീയതി 15.06.2012 ഖ.11.3(X) എ-യിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേകം മോണിട്ടറിംഗ് സമിതി യോഗം ചേരുകയും മിനിട്സ് തയ്യാറാക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യണമെന്ന വ്യവസ്ഥ പൂർണ്ണമായും പാലിച്ചിട്ടില്ല. 16.01.2010-ലെ സ.ഉ (സാധാ) 165/2010/തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ എല്ലാ റോഡുകളിലും സ്ഥാപിച്ചിട്ടില്ല. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 65 പദ്ധതികൾക്ക് ആസൂത്രണ സമിതി അംഗീകാരം ലഭിച്ചെങ്കിലും കേവലം 24 പ്രവർത്തികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കാനായത്. ഇതിൽ തന്നെ ആറ് പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2016-17 വർഷം 397 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായി. ആയതിൽ 382 പ്രവൃത്തികൾ പൂർത്തീകരിച്ചു. നാളിതുവരെ 5939 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 259 കുടുംബങ്ങൾക്ക് തൻവർഷം 100 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കല്ലൂർ കുളം തൻവർഷം പുനരുദ്ധാരണം നടത്തി. തൻവർഷം ആസ്തി നിർമ്മാണ പ്രവർത്തിൽ 54 എണ്ണം ഏറ്റെടുത്തിട്ടുണ്ട് (റോഡ് നിർമാണം 2, കിണർ നിർമ്മാണം 52) . എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 3-19 അങ്കണവാടികൾ- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 30 അങ്കണവാടികളും ഒരു ബഡ്സ് സ്കൂളും പ്രവർത്തിച്ചുവരുന്നു. സ്വന്തം കെട്ടിടത്തിൽ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 17 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. എല്ലാ അങ്കണവാടികളും വൈദ്യുതീകരിച്ചിട്ടുണ്ട്. രണ്ട് അങ്കണവാടികൾ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത 11 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ഓഡിറ്റ് ഇംപാക്ട് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 25589 രൂപ സേവന നികുതി ഒടുക്കു വരുത്തി

പ്രോജക്ട് നമ്പർ - 66/17

പ്രോജക്ടിന്റെ പേര് - തോന്നയ്ക്കൽ പി.എച്ച്.സി മെയിന്റനൻസ്

അടങ്കൽ - 250000 (180000 മെ.ഗ്രാ.നോ.റോ+70000 ത.ഫ)

ചെലവ് - 243702 (180000മെ.ഗ്രാ.നോ.റോ+63702 ത.ഫ)

ബിൽ നം. - 3/16-17 dated 23-02-17

കരാറുകാരൻ - ശ്രീ.ജി.ഷാജി

സേവന നികുതിക്ക് തുക വകയിരുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മേൽ പ്രവർത്തിയുടെ മൂല്യത്തിന്റെ ആനുപാതിക സേവന നികുതിയായ 25589 രൂപ (ie.10.5% of 243702) ഓഡിറ്റ് തീയതി വരെയും ഒടുക്കവരുത്തിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/27-06-17) നൽകിയതിനെ തുടർന്ന് കരാറുകാരന് അറിയിപ്പ് നൽകി തുക ഒടുക്ക വരുത്തി.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,10,000 | പോത്തൻകോട് മാർക്കറ്റിൽ മാലിന്യ പ്ലാന്റ് | ഇല്ല | 4,10,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പദ്ധതി നമ്പർ | വൗച്ചർ നം- ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജലവിഭവ വകുപ്പ് | പോത്തൻകോട് പബ്ലിക് മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | 157/17 | 21600312 | ഇല്ല | 153900 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക | | | ബാക്കി യുള്ള തുക |
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി -മുതൽ തിരിച്ചടവ് | ജി.ഒ (എം.എസ്)275/10/ ത.സ്വ.ഭ.വ തീയതി 27.01.2011 | 14856000 | 4440600 | 1480200 | 0 | 2960400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.ഓഡിറ്റ് വർഷം

| ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :72893778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :51356333 |
| വരവിനങ്ങളിലുള്ള നഷ്ടം | :150295 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4526574 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -ഇല്ല- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 150000 | ശ്രീമതി. ലക്ഷ്മി.വി.ആർ,<br>മെഡിൽ ഓഫീസർ ഹോമിയോ |
| 3-2 | 2357645 | ശ്രീമതി. അനില, വെറ്ററിനറി സർജൻ |
| 3-3 | 75000 | ശ്രീമതി. ഷമീന ബീഗം, ഹെഡ്മിസ്ട്രസ് |
| 3-4(എ) | 220477 | ശ്രീമതി. അഫിന.എം.താഹ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-4(ബി) | 91920 | ശ്രീമതി. അഫിന.എം.താഹ, മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസർ, പി.എച്ച്.സി. |
| 3-5 | 100000 | |
| 3-6 | 153900 | ശ്രീ. കെ. ബാബു, സെക്രട്ടറി |
| 3-7 | 2382 | ശ്രീ. കെ. ബാബു, സെക്രട്ടറി |
| 3-9 | 1369000 | ശ്രീ. പത്മ ചന്ദ്രൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 6250 | ശ്രീ.ഇസ്മയിൽകുഞ്ഞ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4526574 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. ബാബു, സെക്രട്ടറി | സെക്രട്ടറി | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി. ജി.പി7/486/2000തീ. 02.07.2014 | 3 |
| 1997-98 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.7/437/2002 തീ. 02.07.2014 | 4 |
| 1998-99 | നംഎൽ.എഫ്.റ്റി.ഡി.ജി.പി .7/438/2002 തീ.02.07.2014 | 1 |
| 1999-00 | നംഎൽഎഫ്.റ്റി.ഡി.ജി.പി.7/787/02 തീ.02.07.2014 | 2 |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/122/03 തീ.02.07.2014 | 4 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/923/03 തീ.02.07.2014 | 8 |
| 2002-03 | നം.എൽ.എഫ്.റ്റി. ഡി.ജി. പി.7/1481/04 തീ.2.7.2014 | 1 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1896/06 തീ.02.07.2014 | 5 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1897/06 തീ.02.7.2014 | 8 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1135/08/ തീ.02.07.2014 | 1 |
| 2006-07 | നം.എൽ.എഫ് .റ്റി. ഡി.ജി. പി.11/1869 /08 തീ.09.12.2011 | 18 |
| 2007-08 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.11/880/2013 തീ.06.07.2013 | 17 |
| 2008-09 | ന.എൽ.എഫ് .റ്റി.ഡി .ജി.പി.11/2 273 /11 തീ.28.11.2013 | 12 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി .ജി.പി.11 /2274/11 തീ.11.04.2013 | 15 |

| | | |
|---|---|---|
| 2010-11 | ന.എൽ.എഫ് .റ്റി. ഡി.ജി.പി. 11/1974/13 തീ.04.01.2014 | 11 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1113/2013 തീ.08.04.2014 | 11 |
| 2012-13 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.11/9977/ 2014 തീ .16.06.2015 | 13 |
| 2013-14 | നംകെ.എസ്.എ.റ്റി.വി.എം.ജി.പി.11/288 /2016 തീ.16.03.2016 | 11 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി. എം.ജി.പി.11 /1365/2016 തീ.01.08.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2066/2016 തീ.03.12.2016 | 22 |

ഒപ്പ്
ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ള ചുവടെ പറയുന്ന ന്യൂനതകൾ എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും സർക്കാർ ഉത്തരവ് നമ്പർ 319/2003 ധന/തീയതി 12.06.2003 വും അനുസരിച്ചാണ്.

## ന്യൂനതകൾ

1. സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആകെ തുക 46000 ഉം ബി-7 ഷെഡ്യൂൾ പ്രകാരം 1122755 ഉം ആണ്.
3. ബി-11 A ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 2440168 ആണ്. എന്നാൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം ആയത് 2719350 ആണ്.
4. വാർഷികധനകാര്യപത്രികയിൽ ആസ്തികളുടെ ഡിപ്രീസിയേഷനായി കണക്കാക്കിയിരിക്കുന്ന തുക പ്രസ്തുത ആസ്തികളുടെ ബുക്ക് വാല്യുവിൽ നിന്നും കുറവ് വന്നിട്ടില്ല.
5. AFS പ്രകാരമുള്ള വസ്തു നികുതിയിലെ കളക്ഷൻ തുക 3352846 ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് 2433092 ആണ്. എ.എഫ്.എസ് പ്രകാരമുള്ള വസ്തു നികുതിയിലെ ബാലൻസ് തുക 1923304 ഉം സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് 11944684 ഉം ആണ്.
6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പ്രകാരമുള്ള വരവ് എ.എഫ്.എസ് പ്രകാരം 150/- രൂപയും രജിസ്റ്റർ പ്രകാരം 200/- രൂപയും ആണ്.

7. അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.
8. ജനറൽ പർപ്പസ് ഗ്രാന്റ്, ബാങ്ക് ബുക്ക്,എ.എഫ്.എസ് എന്നിവ പ്രകാരം നീക്കിയിരിപ്പ് 8946037 ആണ്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 92,79,180/- ആണ്.
9. ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് AFS നോടൊപ്പം സമർപ്പിച്ചിട്ടില്ല.
10. ഷെഡ്യൂൾ B-15(a) യിൽ Accumulated provision for outstanding property tax ഇനത്തിൽ 2,35,192/-രൂപ കാണുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
11.

ഒപ്പ്

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

R.9.8.17